**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4823** **11-08-2021 - ൽ മറുപടിയ്ക്ക്**

**പോലീസ് സേനയിലെ നിയമനങ്ങളും പ്രൊമോഷനും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന രൂപീകരണത്തിന് ശേഷം സ്പെഷ്യൽ റൂൾസ് പ്രകാരം നിലവിൽ വന്ന ആംഡ് പോലീസ് ബറ്റാലിയൻ, ഡിസ്ട്രിക്ട് ആംഡ് റിസർവ്വ് , ജനറൽ എക്സിക്യൂട്ടീവ് എന്ന സംവിധാനത്തിൽ എന്തെങ്കിലും മാറ്റം സ്റ്റാറ്റ്യൂട്ടറി സമ്പ്രദായ പ്രകാരം നിലവിൽ വന്നിട്ടുണ്ടോ; | (എ) | കേരള സംസ്ഥാന രൂപീകരണത്തിന് മുമ്പ് തന്നെ ആംഡ് പോലീസ് ബറ്റാലിയൻ/റിസർവ്വ്, ജനറൽ എക്സിക്യൂട്ടീവ് എന്നിവ വിവിധ ഘടകങ്ങളായി നിലവിലുണ്ടായിരുന്നു. ഇതിൽ ആംഡ് ബറ്റാലിയൻ, ആംഡ് റിസർവ്വ് എന്നീ യൂണിറ്റുകളെ 10.12.2010 -ലെ സ.ഉ.(പി.) 268/2010/ആഭ്യന്തരം ഉത്തരവ് പ്രകാരം 01.04.2010 മുതൽ സംയോജിപ്പിച്ച് കേരള സിവിൽ പോലീസ് രൂപീകരിച്ചിട്ടുണ്ട്. അതിനാൽ ആംഡ് റിസർവ്വ് നിലവിലില്ല. |
| (ബി) | സംസ്ഥാനത്തെ എത്ര പോലീസ് ജില്ലകളിൽ ഡിസ്ട്രിക്ട് ആംഡ് റിസർവ്വ് നിലവിൽ ഉണ്ടെന്നും അവ ഏതെല്ലാം എന്നും അറിയിക്കുമോ; | (ബി) | കേരള സംസ്ഥാന രൂപീകരണത്തിന് മുമ്പ് തന്നെ ആംഡ് പോലീസ് ബറ്റാലിയൻ/റിസർവ്വ്, ജനറൽ എക്സിക്യൂട്ടീവ് എന്നിവ വിവിധ ഘടകങ്ങളായി നിലവിലുണ്ടായിരുന്നു. ഇതിൽ ആംഡ് ബറ്റാലിയൻ, ആംഡ് റിസർവ്വ് എന്നീ യൂണിറ്റുകളെ 10.12.2010 -ലെ സ.ഉ.പി. 268/2010/ആഭ്യന്തരം ഉത്തരവ് പ്രകാരം 01.04.2010 മുതൽ സംയോജിപ്പിച്ച് കേരള സിവിൽ പോലീസ് രൂപീകരിച്ചിട്ടുണ്ട്. അതിനാൽ ആംഡ് റിസർവ്വ് നിലവിലില്ല. |
| (സി) | ആംഡ് റിസർവ്വ് ൽ എച്ച്.സി., ആർ.എ.എസ്.ഐ., ആർ.എസ്.ഐ., ആർ.ഐ., എ.സി., ഡി.സി. കമാൻഡന്റ് പോസ്റ്റുകളിൽ ഒഴിവുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ എത്ര; ഏതെല്ലാം ജില്ലകളിൽ; ഈ ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (സി) | 2010 ൽ എ.ആർ - ലോക്കൽ സംയോജന സമയത്ത് ആംഡ് റിസർവ്വ് കേഡറിലുള്ളവർക്ക് എല്ലാ ആനുകൂല്യങ്ങളോടു കൂടി പോകുന്നതിന് അനുമതി നൽകിയിരുന്നു. ആംഡ് റിസർവ്വ് കേഡറിലെ ഭൂരിപക്ഷം പോലീസ് കോൺസ്റ്റബിൾമാരും സിവിൽ പോലീസിൽ ജോയിൻ ചെയ്തു. വളരെ കുറച്ചുപേർ ക്ലോസ്ഡ് യൂണിറ്റിൽ തുടർന്നു. ഇപ്രകാരം ക്ലോസ്ഡ് എ.ആർ കേഡറിൽ തുടരുന്നവർ മറ്റുവിധത്തിൽ യോഗ്യനാണെങ്കിൽ സംയോജനം ഇല്ലാതിരുന്നുവെങ്കിൽ ഏത് തീയതിയിൽ പ്രൊമോഷൻ ലഭിക്കുമായിരുന്നുവോ അന്ന് പ്രൊമോഷൻ ലഭിക്കുന്നതിന് വ്യവസ്ഥയുണ്ട്. അപ്രകാരം ഡി.വൈ.എസ്.പി. ഹയർ ഗ്രേഡ് / |

| | | | |
|---|---|---|---|
| | | | അസിസ്റ്റന്റ് കമ്മീഷണർ / ഇൻസ്പെക്ടർ റാങ്ക് തസ്തികകൾക്ക് സമാനമായ ഡെപ്യൂട്ടി കമാന്റന്റ്, എ.സി, ആർ.ഐ തസ്തികകളിലേക്ക് പ്രൊമോഷൻ പ്രതീക്ഷിക്കുന്ന ഒഴിവു തീയതി കണക്കാക്കി സ്ഥാനക്കയറ്റം നൽകുകയും അതുവഴി ഉയർന്ന തസ്തികയിലേക്ക് നിയമനം നൽകുകയും ചെയ്യുന്നതിന് നിലവിൽ യാതൊരു തടസ്സവുമില്ല. ജില്ലാ സായുധ റിസർവ്വ് നിർത്തലാക്കിയ ഘട്ടത്തിൽ നിലനിന്നിരുന്ന തസ്തികയിൽ മേൽപ്രകാരമുള്ള സ്ഥാനക്കയറ്റത്തിന് അർഹത നേടുന്നതിനനുസൃതമായി പ്രൊമോഷൻ ലഭിക്കും. സിവിൽ പോലീസ് രൂപീകരണത്തിനു മുമ്പ് മുകളിലെ റാങ്കുകളിലേക്ക് പ്രൊമോഷൻ നൽകിയിരുന്ന പ്രകാരം തന്നെ അർഹതപ്പെട്ട ഒഴിവുകളിൽ പ്രൊമോഷൻ നൽകിയിട്ടുള്ളതാണ്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി നിലവിൽ പ്രസ്തുത തസ്തികകളിൽ ജോലി ചെയ്യുന്നവരൊഴികെ 36 തസ്തികകൾ നിലനിൽക്കുന്നു. |
| (ഡി) | കോടതി വിധി പ്രകാരമുള്ള പ്രൊമോഷൻ എ.ആർ. ൽ നടപ്പിലാക്കിയിട്ടുണ്ടോയെന്നും അന്തർജില്ലാ-ജില്ലാ സ്ഥലം മാറ്റം സംബന്ധിച്ച നടപടിക്രമവും വിശദമാക്കുമോ; | (ഡി) | അർഹതപ്പെട്ട പ്രൊമോഷനുകൾ അനുവദിച്ചിട്ടുണ്ട്. സിവിൽ പോലീസ് രൂപീകരണത്തിനു ശേഷം ജില്ലകളിൽ സിവിൽ പോലീസ് ഓഫീസർ തസ്തികയാണ് നിലവിലുള്ളത്. ആംഡ് റിസർവ്വ് പി.സി. കേഡർ ഇല്ലാത്തതിനാൽ അന്തർജില്ലാ സ്ഥലംമാറ്റത്തിന്റെ സാഹചര്യം ഇല്ല. |
| (ഇ) | നിലവിൽ പോലീസ് ഉദ്യോഗസ്ഥർക്ക് കെ.എസ്.& എസ്.എസ്.ആർ. ബാധകമാണോയെന്നും അവരുടെ പ്രമോഷന് ഇ.ഡി.പി. കണക്കാക്കുന്നുണ്ടോയെന്നും വിശദമാക്കുമോ; ഉണ്ടെങ്കിൽ ആംഡ് പോലീസ്, ആംഡ് റിസർവ്വ്, ജനറൽ എക്സിക്യൂട്ടീവ്, മിനിസ്റ്റീരിയൽ, ടെലികമ്മ്യൂണിക്കേഷൻ തുടങ്ങി പോലീസിലെ മറ്റ് ടെക്നിക്കൽ വിഭാഗത്തിൽപ്പെട്ട എല്ലാവർക്കും ഇ.ഡി.പി. പ്രകാരമാണോ പ്രമോഷൻ നൽകുന്നതെന്നും അറിയിക്കുമോ? | (ഇ) | എല്ലാ വിഭാഗത്തിനും കെ.എസ്. & എസ്.എസ്.ആർ പ്രകാരമാണ് പ്രൊമോഷൻ നൽകിവരുന്നത്. എ.ആർ - ലോക്കൽ സംയോജനത്തെ തുടർന്ന് ക്ലോസ് ചെയ്യപ്പെട്ട പഴയ ആംഡ് റിസർവ്വ് വിഭാഗത്തിന് സംയോജനം നടന്നില്ലായിരുന്നുവെങ്കിൽ ലഭിക്കാമായിരുന്ന പ്രൊമോഷൻ പ്രതീക്ഷിക്കുന്ന തീയതിയിൽ തന്നെ അർഹതപ്പെട്ട പ്രൊമോഷൻ നൽകുന്നതിന് വ്യവസ്ഥയുണ്ട്. ക്ലോസ്ഡ് കേഡർ വിഭാഗത്തിന് സംയോജന ഉത്തരവിലെ പ്രസ്തുത വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ പ്രതീക്ഷിക്കുന്ന തീയതി (Expected date of Promotion) മുൻകൂറായി കണക്കാക്കി പ്രൊമോഷൻ ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ